ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 09.05.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു പദ്മ പുരസ്ക്കാരങ്ങൾ ഇന്ന് സമ്മാനിക്കും.

   **President Draupadi Murmu will present Padma awards today.**

2. ലോക്സഭാ തിരഞ്ഞെടുപ്പിലെ വിവിധ ഘട്ടങ്ങളിലേയ്ക്കുള്ള പ്രചാരണം പുരോഗമിക്കുന്നു. തിങ്കളാഴ്ച നടക്കുന്ന നാലാംഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ വിലയിരുത്തി.

   **Campaigning for various phases of Lok Sabha elections is in progress. The Election Commission has reviewed the preparedness for the fourth phase of polling on Monday.**

3. ഇന്ത്യയുടെ ഭാഗമായ പാക് അധിനിവേശ കശ്മീർ തിരികെ എത്തിക്കുന്നത് ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യമന്ത്രി എസ്.ജയശങ്കർ.

   **External Affairs Minister S. Jayashankar said that every political party in the country is committed to ensure Pakistan Occupied Kashmir, which is part of India returns to India.**

4. വിമാന സർവ്വീസുകളിൽ വരുംദിവസങ്ങളിലും കുറവു വരുത്തുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ്.

   **Air India Express will reduce flight services in the coming days.**

5. തിരുവനന്തപുരം ,  ആലപ്പുഴ , കോഴിക്കോട് ജില്ലകളിൽ ഇന്ന് ഉഷ്ണതരംഗ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**Central Meteorological Department said that there is a possibility of heat wave in Thiruvananthapuram, Alappuzha and Kozhikode districts today.**

6. ഐ പി എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയൻറ്സിനെതിരെ സൺ റൈസേഴ്സ് ഹൈദരാബാദിന് 10 വിക്കറ്റ് ജയം.

**In IPL cricket Sunrisers Hyderabad defeated Lucknow Supergiant's by 10 wickets.**

&&&&&&&&&&&&&&&&&&

## PREZ PADMA AWARDS

രാഷ്ട്രപതി ദ്രൗപദി മുർമു പദ്മ പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. രാഷ്ട്രപതി ഭവനിലാണ് പുരസ്കാരദാന ചടങ്ങ്. സാമൂഹിക സേവനം, ശാസ്ത്രം, വ്യാപാരം, കായികം തുടങ്ങി വിവിധ മേഖലകളിൽ മികച്ച സേവനം കാഴ്ച വെച്ച വ്യക്തികൾക്കാണ് പദ്മ പുരസ്കാരങ്ങൾ നൽകുന്നത്. ഏപ്രിൽ 22 ന് നടന്ന ചടങ്ങിൽ മൂന്ന് പദ്മ വിഭൂഷൺ, 8 പദ്മ ഭൂഷൺ, 55 പദ്മശ്രീ പുരസ്കാരങ്ങൾ രാഷ്ട്രപതി വിതരണം ചെയ്തിരുന്നു.

&&&&&&&&&&&&&&&&&

## CAMPAIGN (INTRO)

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജിതം. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരും ബിജെപി നേതാക്കളുമായ അമിത് ഷാ, നിതിൻ ഗഡ്കരി, എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി, സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് തുടങ്ങിയവർ

വിവിധ മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

**വിശദാംശങ്ങളിലേയ്ക്ക്.......**

**(വോയിസ്)**

&&&&&&&&&&&&&&&&&

## CAMPAIGN (VOICE)-1

നാലാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന തെലങ്കാനയിലും ആന്ധ്രാ പ്രദേശിലും ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദി തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. രാജ്യം ആദ്യം എന്ന നയമാണ് ബിജെപി പിന്തുടരുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രസർക്കാരിന്റെ ക്ഷേമപദ്ധതികൾ തുടരാൻ ബിജെപി അധികാരത്തിലെത്തണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ. ഉത്തർപ്രദേശിലെ ലഖിംപൂർ ഖിരിയിൽ തിരഞ്ഞെടുപ്പ് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോൺഗ്രസ് പാർട്ടി അധികാരത്തിലെത്തിയാൽ ആശവർക്കർമാർ, അംഗൻവാടി വർക്കർമാർ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ ഗുണഭോക്താക്കൾ എന്നിവരുടെ വേതനം ഇരട്ടിയാക്കുമെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കഗാന്ധി. അചഞ്ചലമായ ജനപിന്തുണയാണ് കേന്ദ്രത്തിൽ ഫലപ്രദമായ പദ്ധതികൾ നടപ്പാക്കാൻ ബിജെപിയെ സഹായിച്ചതെന്ന് ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ നിതിൻ ഗഡ്കരി പറഞ്ഞു. ദക്ഷിണ ഡൽഹി ലോക്സഭാ മണ്ഡലത്തിലെ

പൊതുയോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉത്തർപ്രദേശിലെ ഷാജഹാൻപൂരിൽ നടന്ന തിരഞ്ഞെടുപ്പ് റാലിയെ സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് അഭിസംബോധന ചെയ്തു. എൻ സി പി നേതാവ് ശരദ് പവർ, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്‌നാഥ് ഷിൻഡെ ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്‌നാവിസ് തുടങ്ങിയ പ്രമുഖരും വിവിധ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുത്തു.

ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&

## EC – 4TH PHASE

ലോക്സഭാ തിരഞ്ഞെടുപ്പിലെ നാലാം ഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വിലയിരുത്തി. തിരഞ്ഞെടുപ്പ് പ്രക്രിയ നിരീക്ഷിക്കാൻ 354 ഒബ്സർവർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. സുഗമവും സുതാര്യവുമായ വോട്ടെടുപ്പ് ഉറപ്പാക്കണമെന്ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടന്ന യോഗത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ നിർദേശം നൽകി. ഉയർന്ന പകൽ താപനില കണക്കിലെടുത്ത് പോളിംഗ് കേന്ദ്രങ്ങളിൽ എല്ലാ സൗകര്യങ്ങളും ഒരുക്കണമെന്നും അദ്ദേഹം പറഞ്ഞു. 96 മണ്ഡലങ്ങളിൽ തിങ്കളാഴ്ചയാണ് നാലാം ഘട്ട വോട്ടെടുപ്പ്. പരസ്യപ്രചാരണം ശനിയാഴ്ച അവസാനിക്കും.

&&&&&&&&&&&&&&&&&

## ECI 5TH PHASE CANDIDATES

അഞ്ചാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് 695 സ്ഥാനാർത്ഥികൾ. ആറ് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 49 പാർലമെൻറ് മണ്ഡലങ്ങളിലാണ് ഈ ഘട്ടത്തിൽ വിധിയെഴുത്ത്. ഈ മാസം 20-ന് നടക്കുന്ന തിരഞ്ഞെടുപ്പിലേക്കായി സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 749 നാമനിർദ്ദേശ പത്രികകൾ സാധുവാണെന്ന് കണ്ടെത്തി. 49 മണ്ഡലങ്ങളിൽ അഞ്ചാംഘട്ട വോട്ടെടുപ്പ് ഈമാസം 20 നാണ്.

&&&&&&&&&&&&&&&&&&

## JAISHANKAR - POK

ഇന്ത്യയുടെ ഭാഗമായ പാക് അധിനിവേശ കശ്മീർ തിരികെ എത്തിക്കുന്നത് ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ന്യൂഡൽഹിയിലെ ഗാർഗി കോളേജിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ജമ്മു കശ്മീരിലെ അനുച്ഛേദം 370 റദ്ദാക്കിയതിന് ശേഷമാണ് പാക് അധിനിവേശ കശ്മീർ വിഷയം ജനങ്ങൾക്ക് മുന്നിൽ വീണ്ടും എത്തിയത്. 2019 ലാണ് ബി ജെ പി സർക്കാർ ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകുന്ന അനുച്ഛേദം 370 റദ്ദാക്കിയത്. പാക് അധിനിവേശ കശ്മീർ സംബന്ധിച്ച് പ്രത്യേക പാർലമെന്റ് പ്രമേയമുണ്ടെന്നും ഇതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ എസ് ജയശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## FS-DHAKA

വിദേശകാര്യ സെക്രട്ടറി വിനയ് മോഹൻ ക്വത്ര ബംഗ്ലാദേശ് സന്ദർശനത്തിനായി ധാക്കയിലെത്തി. ബംഗ്ലാദേശ്

പ്രധാനമന്ത്രി ഷേയ്ഖ് ഹസീന, വിദേശകാര്യമന്ത്രി ഹസ്സൻ മഹ്മൂദ് എന്നിവരുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. വിദേശകാര്യ സെക്രട്ടറിയുടെ സന്ദർശനത്തിന്റെ വിദശാംശങ്ങൾ ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം സമൂഹ മാധ്യമ പോസ്റ്റിൽ പങ്കുവെച്ചു. ഫെബ്രുവരിയിൽ ബംഗ്ലാദേശ് വിദേശകാര്യമന്ത്രി ഹസ്സൻ മഹ്മൂദ് ഇന്ത്യയിലെത്തിയിരുന്നു.

&&&&&&&&&&&&&&&&&

## 16TH FINANCE COMMISSION

പതിനാറാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു. 16-ാം ധനകാര്യ കമ്മിഷന്റെ വെബ്സൈറ്റ് വഴി നിർദ്ദേശങ്ങൾ സമർപ്പിക്കാം. ഭരണഘടനയുടെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് രാഷ്ട്രപതിയുടെ ശുപാർശ പ്രകാരം ഡോ. അരവിന്ദ് പനഗരിയയുടെ അധ്യക്ഷതയിലാണ് പതിനാറാം ധനകാര്യ കമ്മീഷൻ രൂപീകരിച്ചത്.

&&&&&&&&&&&&&&&&&

## AIR INDIA- FLIGHT CANCELLATION

എയർ ഇന്ത്യ വിമാന സർവ്വീസുകളിൽ വരുംദിവസങ്ങളിലും കുറവു വരുത്തുമെന്ന് സി.ഇ.ഒ അലോക് സിങ്ങ്. അതേസമയം, മിന്നൽ പണിമുടക്കിനെത്തുടർന്ന് വിമാനങ്ങൾ റദ്ദാക്കിയതിൽ എയർ ഇന്ത്യ എക്സ്പ്രസ് അധികൃതരോട് സിവിൽ വ്യോമയാന മന്ത്രാലയം റിപ്പോർട്ട് തേടി. പ്രശ്നങ്ങൾ ഉടൻ പരിഹരിക്കാനും ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ മാനദണ്ഡങ്ങൾക്കനുസൃതമായി യാത്രക്കാർക്ക്

സൗകര്യങ്ങൾ ഉറപ്പാക്കാനും മന്ത്രാലയം നിർദേശം നൽകി. നേരത്തെ, ജീവനക്കാർ മുന്നറിയിപ്പില്ലാതെ കൂട്ട അവധിയിൽ പ്രവേശിച്ചതിനെത്തുടർന്ന് എയർ ഇന്ത്യ എക്സ്പ്രസിന്റെ 80-ലധികം സർവീസുകൾ മുടങ്ങുകയും നിരവധി വിമാനങ്ങൾ വൈകുകയും ചെയ്തിരുന്നു. കൂട്ടഅവധിയിൽ പ്രവേശിച്ചതിൽ വിമാന ജീവനക്കാരോട് വിശദീകരണം തേടിയിട്ടുണ്ടെന്നും തടസം നേരിട്ടതിൽ യാത്രക്കാരോട് ക്ഷമ ചോദിക്കുന്നതായും എയർ ഇന്ത്യ എക്സ്പ്രസ് വക്താവ് പറഞ്ഞു.

&&&&&&&&&&&&&&&&&

## KNR – FLIGHT RESCHEDULE

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും തിരിച്ചുമുള്ള എയർ ഇന്ത്യ എക്സ്പ്രസിന്റെ 10 വിമാന സർവീസുകൾ ഇന്ന് റദ്ദ് ചെയ്തു. കണ്ണൂരിൽ നിന്ന് റാസൽഖൈമ, കുവൈറ്റ്, ബഹറിൻ, മസ്കറ്റ്, ദമാം, അബുദാബി എന്നിവിടങ്ങളിലേക്കുള്ള സർവീസും കണ്ണൂരിലേക്കുള്ള ഷാർജ, മസ്കറ്റ്, അബുദാബി, ദമാം എന്നിവിടങ്ങളിൽ നിന്നുള്ള സർവീസുകളുമാണ് റദ്ദ് ചെയ്തത്. ഇന്ന് രാവിലെ 4.30 ന് പുറപ്പെടേണ്ട ഷാർജ വിമാനവും 9.30 ന് പുറപ്പെടേണ്ടിയിരുന്ന അബുദാബിയിലേക്കുള്ള വിമാനവും ഇതിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&

## AIRPORT RUNWAY -MUMBAI

മഴക്കാല പൂർവ അറ്റകുറ്റപ്പണികൾക്കായി മുംബൈ ഛത്രപതി ശിവാജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ രണ്ട് റൺവേകൾ ഇന്ന് ആറു മണിക്കൂറോളം അടച്ചിടും. എന്നാൽ വിമാന സർവ്വീസുകളെ ഇത് ബാധിക്കില്ലെന്ന് എയർപോർട്ട് അധികൃതർ അറിയിച്ചു. റൺവേയുടെ പരിശോധന

ഉൾപ്പെടെയാണ് അറ്റകുറ്റപ്പണികളുടെ ഭാഗമായി നടക്കുക.

&&&&&&&&&&&&&&&&&

## KALAWASTHA

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും ഉഷ്ണതരംഗ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ താപനില 39°C വരെയും, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 38°C വരെയും ഉയർന്നേക്കാം. അതേസമയം ഇടുക്കി, മലപ്പുറം ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. സംസ്ഥാനത്ത് ഇന്നലെ പലയിടങ്ങളിലും വേനൽ മഴ ലഭിച്ചു.

&&&&&&&&&&&&&&&&&

## HEAT WAVE

രാജസ്ഥാനിലും മധ്യപ്രദേശിലും നാളെ വരെ ഉഷ്ണ തരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അടുത്ത നാല് ദിവസങ്ങളിൽ ഗുജറാത്ത് തീരത്തും കനത്ത ചൂട് നിലനിൽക്കുമെന്നും മുന്നറിയിപ്പുണ്ട്. അതേസമയം, വടക്കു-കിഴക്കൻ ഇന്ത്യയിൽ ഈ മാസം 11 വരെ ഇടിമിന്നലോടും ശക്തമായ കാറ്റിനോടും കൂടി നേരിയ തോതിൽ മഴ ഉണ്ടാകുമെന്നും കേന്ദ്ര കാലാവസ്ഥാ ഏജൻസി പ്രവചിച്ചു.

&&&&&&&&&&&&&&&&&

## TRAIN TRAFFIC - KOCHI

കൊച്ചിയിൽ ഇന്നലെ വൈകിട്ട് പെയ്ത കനത്ത മഴയിലും കാറ്റിലും പെട്ട് ഇടപ്പള്ളിക്ക് സമീപം മരങ്ങൾ വീണ് വൈദ്യുതി കേബിൾ പൊട്ടിയതിനെ തുടർന്ന് ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. ഏതാണ്ട് രണ്ടരമണിക്കൂറിനു ശേഷം ഗതാഗതം പുന: സ്ഥാപിച്ചു. കണ്ണൂരിലേക്കുള്ള ജനശതാബ്ദി , തിരുവനന്തപുരം - ചെന്നൈ മെയിൽ തുടങ്ങിയ ട്രെയിനുകളാണ് വിവിധ സ്റ്റേഷനുകളിൽ പിടിച്ചിട്ടത്. വൈകിട്ട് പല ട്രെയിനുകളും വൈകിയാണ് ഓടിയത്. മഴയെ തുടർന്ന് കൊച്ചി നഗരത്തിൽ പല സ്ഥലങ്ങളിലും ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടു.

&&&&&&&&&&&&&&&&&

## IPL

ഐ പി എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയൻറ്സിനെതിരെ സൺ റൈസേഴ്സ് ഹൈദരാബാദിന് 10 വിക്കറ്റ് ജയം. ഹൈദരാബാദിലെ രാജീവ് ഗാന്ധി ഇന്റർനാഷണൽ സ്റ്റേഡിയത്തിലായിരുന്നു മത്സരം. ടോസ് നേടി ബാറ്റിംഗ് ആരംഭിച്ച ലഖ്നൗ 4 വിക്കറ്റു നഷ്ടത്തിൽ 165 റൺസ് എടുത്തു. 30 ബോളുകളിൽ നിന്ന് 55 റൺസ് നേടിയ ആയുഷ് ബദോനിയാണ് ലഖ്നൗവിന്റെ ടോപ് സ്കോറർ. മറുപടി ബാറ്റിംഗിനിറങ്ങിയ സൺറൈസേഴ്സ് വിക്കറ്റൊന്നും നഷ്ടപ്പെടാതെ 9.4 ഓവറിൽ വിജയലക്ഷ്യം മറികടന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സ് , റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവുമായി ഏറ്റുമുട്ടും. ധരംശാലയിലെ ഹിമാചൽ പ്രദേശ് ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം.

&&&&&&&&&&&&&&&&&

## K P YOHANNAN OBIT

ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ കെ.പി.യോഹന്നാൻ അമേരിക്കയിൽ വാഹനാപകടത്തിൽ അന്തരിച്ചു. 74 വയസായിരുന്നു. ഇന്നലെ രാവിലെ പ്രഭാത നടത്തത്തിനിടെ വാഹനം ഇടിച്ചതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. തിരുവല്ല അപ്പർ കുട്ടനാട്ടിലെ നിരണത്തായിരുന്നു ജനനം. 1974 ൽ അമേരിക്കയിലെ ഡാലസ്സിൽ ദൈവശാസ്ത്രപഠനത്തിന് ചേർന്നു. 2003 ൽ ബിലീവേഴ്സ് ചർച്ച് എന്ന സഭയ്ക്ക് രൂപം നൽകി. 2017 ൽ ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് എന്ന് പേര് മാറ്റി ലോക മെമ്പാടും വ്യാപിച്ചു കിടക്കുന്ന ക്രൈസ്തവ സഭയുടെ പ്രഥമ മെത്രാപ്പോലീത്തയായി.

&&&&&&&&&&&&&&&&&

## SANGEETH SIVAN – OBIT

പ്രശസ്ത സംവിധായകൻ സംഗീത് ശിവൻ മുംബൈയിൽ അന്തരിച്ചു. 65 വയസ്സായിരുന്നു. 20 ഓളം മലയാളം, ഹിന്ദി ചലച്ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. യോദ്ധാ, ഗാന്ധർവം തുടങ്ങിയ ചിത്രങ്ങളുടെ സംവിധായകനാണ് ഇദ്ദേഹം. സംസ്കാരം ഇന്ന് മുംബൈയിൽ നടക്കും. പ്രശസ്ത സംവിധായകൻ സന്തോഷ് ശിവൻ സഹോദരനാണ്.

&&&&&&&&&&&&&&&&&

## HIGHER SECONDARY RESULT

സംസ്ഥാനത്ത് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ ഫലങ്ങൾ ഇന്ന് ഉച്ചക്ക് മൂന്നിന് പ്രഖ്യാപിക്കും. www.result.kerala.gov.in എന്ന

വെബ്സൈറ്റിലൂടെയും പിആര്‍ഡി വെബ്സൈറ്റ് വഴിയും ഫലം അറിയാം. ഇന്നലെ പ്രഖ്യാപിച്ച SSLC പരീക്ഷാ ഫലത്തിൽ 99.69 ആണ് വിജയ ശതമാനം. അടുത്ത വർഷം മുതൽ എസ്.എസ്.എൽ.സി പരീക്ഷാ രീതിയിൽ മാറ്റം വരുത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&

## SSLC-RE EVALUATION

എസ്.എസ്.എൽ.സി പുനർ മുല്യനിർണ്ണയത്തിന് ഇന്ന് മുതൽ 15 വരെ അപേക്ഷിക്കാം. സേ പരീക്ഷ ഈ മാസം 28 മുതൽ ജൂൺ ആറു വരെയാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&